# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റി

## 13.12.2012–ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം വൈകുന്നേരം 5 മണിക്ക് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ അസംബ്ലി മന്ദിരത്തിലെ അദ്ദേഹത്തിന്റെ ചേമ്പറിൽ ബഹ.നഗരകാര്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 04.12.2012-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 2012–13 വാർഷിക പദ്ധതി രൂപീകരണത്തിന്റെ പുരോഗതി അവലോകനം

2.1.1 സംസ്ഥാനത്ത് ആകെ 1208 തദ്ദേശഭരണ സ്ഥാപനങ്ങളിലായി ഇതുവരെ 8673 കോടി രൂപ അടങ്കൽ വരുന്ന 182140 പ്രോജക്ടുകളുടെ ഡാറ്റാഎൻട്രി പൂർത്തീകരിച്ചിട്ടുണ്ട്. 977 ഗ്രാമപഞ്ചായത്തുകൾ 4812 കോടി രൂപ അടങ്കലുള്ള 145000 പ്രോജക്ടുകളും, 152 ബ്ലോക്ക് പഞ്ചായത്തുകൾ 1365 കോടി രൂപ അടങ്കലുള്ള 11860 പ്രോജക്ടുകളും, 14 ജില്ലാ പഞ്ചായത്തുകൾ 858 കോടി രൂപ അടങ്കലുള്ള 7200 പ്രോജക്ടുകളുമാണ് ഡാറ്റാഎൻട്രി ചെയ്തു കഴിഞ്ഞിരിക്കുന്നത്. അഞ്ചു കോർപ്പറേഷനുകളിൽ 4760 പ്രോജക്ടുകളുടെയും (748 കോടി രൂപ അടങ്കൽ) , 60 മുനിസിപ്പാലിറ്റികളിൽ 13470 പ്രോജക്ടുകളുടെയും (890 കോടി രൂപ) ഡാറ്റാഎൻട്രി പൂർത്തീകരിച്ചിട്ടുണ്ട്. ഡാറ്റാഎൻട്രിയുടെ കാര്യത്തിൽ നല്ല പുരോഗതി ഉണ്ടായതായി യോഗം വിലയിരുത്തി.

2.1.2 സംസ്ഥാനത്തൊട്ടാകെ ഇതുവരെ 90877 പ്രോജക്ടുകളുടെ വെറ്റിംഗ് പൂർത്തീകരിച്ച് അംഗീകാരം നൽകിയിട്ടുണ്ട്. ഇത് 1190 തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യത്തിലാണ്. ഇവയുടെ മൊത്തം അടങ്കൽ 3897 കോടി രൂപയാണ്. ഡാറ്റാ എൻട്രി കഴിഞ്ഞ പ്രോജക്ടുകളിൽ പകുതിയോളം തന്നെ വെറ്റിംഗിനു വിധേയമായി അംഗീകാരം നേടിയതായി കാണപ്പെട്ടു.

2.1.3 നഗരസഭകളിൽ കരാർ അടിസ്ഥാനത്തിൽ എഞ്ചിനീയർമാരെ നിയമിക്കുന്നത് സംബന്ധിച്ച്

എഞ്ചിനീയർമാർ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പി.എസ്.സി. ലിസ്റ്റ് വരുന്നതുവരെ കരാർ അടിസ്ഥാനത്തിൽ എഞ്ചിനീയർമാരെ നിയമിക്കുന്നത് സംബന്ധിച്ച് 15.11.2012-ലെ യോഗത്തിൽ 2.1.2 ഇനമായും, 21.11.2012-ലെ യോഗത്തിൽ 2.2 ഇനമായും കോഓർഡിനേഷൻ കമ്മിറ്റി കൈക്കൊണ്ട തീരുമാനങ്ങൾ നഗരസഭകൾക്കു കൂടി ബാധകമാക്കാൻ തീരുമാനിച്ചു. എന്നാൽ നിലവിലുള്ള തസ്തികളിൽ ഒഴിവുണ്ടെങ്കിൽ മാത്രമേ കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ പാടുള്ളൂ എന്നും, അപ്രകാരം നിയമിക്കപ്പെടുന്ന എഞ്ചിനീയർമാർക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുക, വർക്ക് സൂപ്പർവൈസ് ചെയ്യുക എന്നീ ചുമതല മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ എന്നും. നിയന്ത്രണപരമായ ചുമതലകൾ ഉണ്ടായിരിക്കുകയില്ല എന്നും തീരുമാനിച്ചു.

## 3. പ്രത്യേക വിഷയങ്ങൾ

### 3.1 വികസനഫണ്ട് ഷോർട്ട്ഫാൾ (ഫയൽ നം.57938/എഫ്.എം.1/12/തസ്വഭവ)

ഷോർട്ട്ഫാൾ ഇനത്തിലെ തുക കുറവു ചെയ്യേണ്ടത് സംബന്ധിച്ച് മാർഗനിർദ്ദേശം നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് 04.12.2012-ൽ ചേർന്ന കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ഈ വിഷയം ചർച്ചചെയ്യുകയും പദ്ധതി വിഹിതത്തേക്കാൾ ഷോർട്ട്ഫാൾ (മൈനസ് ഫണ്ട്) ഉള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഷോർട്ട്ഫാൾ മൊത്തത്തിൽ കുറവ് ചെയ്ത് നൽകാൻ ഉത്തരവുള്ളതിനാൽ അതുപ്രകാരം തീരുമാനമെടുക്കാനും നിർദ്ദേശിച്ചിരുന്നു. ഈ നിർദ്ദേശം വട്ടവട ഗ്രാമപഞ്ചായത്തിനും ബാധകമാക്കി നടപടി സ്വീകരിക്കാവുന്നതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി (ഫയൽ നം.64692/എഫ്.എം.2/12/തസ്വഭവ)

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിക്ക് ധനസഹായം നൽകാൻ ജില്ലാപഞ്ചായത്തുകളേയും അനുവദിക്കണമെന്ന ആവശ്യം. 02.01.2012-ലെ ജി.ഒ.(ആർ.ടി)03/2012/തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കേണ്ടതില്ലാ എന്നും പ്രസ്തുത ഉത്തരവിലെ നിബന്ധനകൾക്ക് ഭേദഗതി ആവശ്യമില്ല എന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 ഇരിങ്ങാലക്കുട നഗരസഭ (ഫയൽ നം. 67121/എഫ്.എം.3/12/തസ്വഭവ)

ഇരിങ്ങാലക്കുട നഗരസഭാ പ്രദേശത്ത് അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം പരിഹരിക്കാൻ 100 എച്ച്.പി.യുടെ രണ്ട് മോട്ടോറുകൾ സ്ഥാപിക്കുന്നതിനാവശ്യമായി വരുന്ന ഇരുപതു ലക്ഷം രൂപ, പ്ലാൻഫണ്ടിൽ നിന്നും നൽകേണ്ടതില്ലാ എന്നും ഈ തുക ഭാവി വെള്ളക്കരത്തിൽ തട്ടിക്കഴിക്കാമെന്ന നിബന്ധനയിന്മേൽ തനത്ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയിൽ നിന്നും ചെലവാക്കാൻ അനുമതി നൽകാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.4 പാലക്കാട് ജില്ലാ പഞ്ചായത്ത് (ഫയൽ നം.67995/എ.എ.3/12തസ്വഭവ)

പാലക്കാട് ജില്ലാ പഞ്ചായത്ത് 2010-11 വർഷം നടപ്പാക്കിയ 707/11 നമ്പർ പ്രോജക്ട് - ഹൈസ്ക്കൂളിലെ വിദ്യാർത്ഥികൾക്കും എം.എസ്.ഡബ്ല്യൂ കൗൺസിലർമാർക്കും പ്രായോഗിക പരിശീലനം നൽകുന്നതിനുള്ള പ്രോജക്ടിനെ സംബന്ധിച്ച് വിശദമായ ഒരു റിപ്പോർട്ട് സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.5 വരൾച്ച ബാധിത പ്രദേശങ്ങളിലെ ജലവിതരണം

**(ഫയൽ നം. 68010/എഫ്.എം.3/12/തസ്വഭവ)**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വരൾച്ച ബാധിത പ്രദേശങ്ങളിലെ കുടിവെള്ള വിതരണ പ്രോജക്ടുകൾക്ക് ദുരിതാശ്വാസ ഫണ്ടിനെ മാത്രം ആശ്രയിക്കുന്ന അവസ്ഥ മാറ്റി അതാതു സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിന് നിർദ്ദേശം നൽകണമെന്നുള്ള റവന്യൂ & ഡിസാസ്റ്റർ മാനേജ്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ആവശ്യത്തിന് , വരൾച്ച ദുരിതാശ്വാസ - കുടിവെള്ള

വിതരണം സംബന്ധിച്ച റവന്യൂ വകുപ്പ് നിലപാട് തുടരാവുന്നതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 ഭാരത് സേവക് സമാജ് (ഫയൽ നം. 70288/ഐ.ബി.2/12/തസ്വഭവ)**

ഭാരത് സേവക് സമാജിനെ സംസ്ഥാനത്തെ കുടുംബശ്രീ യൂണിറ്റുകൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകുന്ന ഏജൻസിയായി അംഗീകരിക്കണമെന്ന കോഓർഡിനേറ്ററുടെ അപേക്ഷ കുടുബശ്രീ മിഷൻ പരിഗണിച്ചാൽ മതിയാകുമെന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പ്രോജക്ടുകളുടെ അംഗീകാരം സംബന്ധിച്ച് (ഫയൽ നം.68490/ഡി.എ1/12/തസ്വഭവ)**

കോർപ്പറേഷനുകളിലേയും ജില്ലാ പഞ്ചായത്തുകളിലേയും പദ്ധതികൾക്ക് അംഗീകാരം നൽകുന്ന ചുമതല 05.11.2012-ലെ സർക്കാർ ഉത്തരവ് (എം.എസ്)205/12 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ക്കാണ്. വകുപ്പ് മേധാവിയുടെ കാര്യാലയമായതിനാലും ഉദ്യാഗസ്ഥരുടെ കുറവുള്ളതിനാലും യഥാസമയം അംഗീകാര നടപടികൾ പൂർത്തിയാക്കാൻ കഴിയുന്നില്ലാ എന്നും ആയതിനാൽ കോർപ്പറേഷനുകളുടെ പദ്ധതികൾ അംഗീകരിക്കുന്ന ചുമതല മാത്രം ചീഫ് എഞ്ചിനീയർക്കും ജില്ലാ പഞ്ചായത്തുകളുടേത് ദക്ഷിണ, ഉത്തര മേഖലാ ചീഫ് എഞ്ചിനീയർമാർക്ക് നൽകണമെന്നും ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിലെ ചുമതല വിഭജനം സംബന്ധിച്ചുമുള്ള തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ശുപാർശ അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 പട്ടികജാതി പെൺകുട്ടികളുടെ വിവാഹ ധനസഹായം**
**ഫയൽ നം. 61118/ഡി.എ1/12/തസ്വഭവ)**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്, പട്ടികജാതി വികസന വകുപ്പ് വിവാഹ ധനസഹായം നൽകുന്നതുപോലെ വരുമാനപരിധിയും ധനസഹായവും 50,000/- രൂപയായി വർദ്ധിപ്പിച്ച് പ്രോജക്ടുകൾ തയ്യാറാക്കാൻ അനുവാദം നൽകണമെന്ന ആവശ്യം ഈ വർഷം സബ്സിഡി മാർഗരേഖയിൽ ഇതു സംബന്ധിച്ച് മാറ്റം വേണ്ട എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിരാകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 12-ാം പഞ്ചവൽസര പദ്ധതി മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട സബ്സിഡി മാർഗരേഖയിലെ മാറ്റങ്ങൾ ഫയൽ നം. 64945/ഡി.എ1/12/തസ്വഭവ)**

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയിൽ മൃഗസംരക്ഷണ, ക്ഷീര വികസന പരിപാടികൾക്കുള്ള സബ്സിഡിയിൽ ചില മാറ്റങ്ങൾ കൂടി വേണമെന്ന മൃഗസംരക്ഷണ വകുപ്പു ഡയറക്ടറുടെ ആവശ്യത്തിൽ സബ്സിഡി മാർഗരേഖയിൽ ഇപ്പോൾ ഭേദഗതി വരുത്തേണ്ടതില്ല എന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 67055/ഡി.ഡി.2/12/തസ്വഭവ)**

ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലെ വൈദ്യുതീകരണ വുമായി ബന്ധപ്പെട്ട് 88613/- രൂപ അധികമായി ചെലവഴിച്ചതിന് സാധൂകരണം സംബന്ധിച്ച് വകുപ്പുതല നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 മാലിന്യ സംസ്ക്കരണം – ബയോടെക് സ്ഥാപനത്തെ അക്രഡിറ്റഡ് ഏജൻസിയാക്കുന്നത് സംബന്ധിച്ച്**
**(ഫയൽ നം. 52782/ഡി.എ1/12/തസ്വഭവ)**

തിരുവനന്തപുരത്തെ ബയോ ടെക് എന്ന സ്ഥാപനത്തെ മാലിന്യസംസ്ക്കരണത്തിനുള്ള ഏജൻസിയായി അംഗീകരിക്കണമെന്ന ആവശ്യം ശുചിത്വമിഷന് തന്നെ പരിഗണിക്കാമെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 കൊല്ലം ജില്ലാ പഞ്ചായത്ത്**

കൊല്ലം ജില്ലയെ നെല്ല് ഉത്പാദനത്തിൽ സ്വയം പര്യാപ്തമാക്കുന്നതിനു വേണ്ടി തയ്യാറാക്കിയ വടക്കാഞ്ചേരി മോഡൽ നെൽകൃഷിക്കുള്ള പൈലറ്റ് പ്രോജക്ടിനെ സംബന്ധിച്ച് കൃഷി വകുപ്പ് ഡയറക്ടറുടെ അഭിപ്രായം ആരായാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 ഇരിക്കൂർ ഗ്രാമപഞ്ചായത്ത്**

ജലനിധി രണ്ടാംഘട്ട പദ്ധതി നടപ്പാക്കുന്നതിന് സർക്കാരിന്റെ പ്രത്യേക ധനസഹായം നൽകണമെന്ന ഗ്രാമപഞ്ചായത്തിന്റെ ആവശ്യം ഇപ്പോൾ പരിഗണിക്കേണ്ടതില്ലാ എന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 ബൈസൺവാലി ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്ത് 2012-13 വർഷം സി.ഡി.എസ്. മുഖാന്തിരം വനിതകൾക്കു വേണ്ടി മാതൃകാ പ്രോജക്ടായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന (1) വനിതാ തൊഴിൽ സംരംഭം (ജനറൽ) (2) വനിതാ ചെറുകിട വ്യവസായ സംരംഭം (എസ്.സി.പി) എന്നീ പദ്ധതികൾ വഴി സൃഷ്ടിക്കപ്പെടുന്ന ആസ്തി പഞ്ചായത്തിന്റേതായിരിക്കണമെന്നും പ്രോജക്ട് പ്രവർത്തനം തുടങ്ങി മൂന്ന് വർഷമെങ്കിലും ലാഭകരമായി പ്രവർത്തിച്ചില്ല എങ്കിൽ സബ്സിഡി കഴിച്ചുള്ള തുക തീരുമാനമെടുക്കുന്ന അംഗങ്ങളുടെ ബാധ്യത ആയിരിക്കണമെന്നുള്ള വ്യവസ്ഥയിൽ അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 കരുണാപുരം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 15403/സി.എ2/12/തസ്വഭവ)**

കരുണാപുരം ഗ്രാമപഞ്ചായത്ത് 2011-12 വർഷം നടപ്പാക്കിയ തൊഴിൽ പരിശീലന കോഴ്സുകൾ (എസ്.സി. വനിതകൾക്ക് ഒരു വർഷത്തെ ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ കോഴ്സും ജനറൽ വിഭാഗത്തിന് 6 മാസത്തെ ഡാറ്റാഎൻട്രി കോഴ്സും) മുഖേന പരിശീലനം ലഭിച്ചവരുടെ സ്ഥിതിവിവരക്കണക്കുകൾ, ജോലി ലഭിച്ച വിവരം ഉൾപ്പെടെയുള്ള തെളിവുകൾ സഹിതം സമർപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു..

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 കോഡൂർ ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ രഹിതരായ വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകാൻ സബ്സിഡി മാർഗരേഖയിലെ നിബന്ധനകളിൽ ഭേദഗതി വരുത്തിക്കൊണ്ട് അനുവാദം നൽകണമെന്ന ആവശ്യം, മാർഗരേഖയിൽ ഇക്കൊല്ലം ഭേദഗതി വേണ്ട എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിരാകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 കോഡൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 07.12.2012–ൽ ബഹു. പഞ്ചായത്ത്, സാമൂഹ്യനീതി വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച കത്ത്**

ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്പെഷ്യൽ സ്ക്കൂളിലെ അദ്ധ്യാപകരുടെ പ്രതിമാസ വേതനം വർദ്ധിപ്പിക്കണമെന്ന പഞ്ചായത്ത് പ്രസിഡന്റിന്റെ അഭ്യർത്ഥന, വേതന വർദ്ധനവ് നടപ്പാക്കിയത് സമീപകാലത്തായതിനാൽ പരിഗണിക്കേണ്ടതില്ലാ എന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 കല്ലിയൂർ ഗ്രാമപഞ്ചായത്ത്**

കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ വെള്ളായണി എം.എൻ.എൽ.പി. എസിന്റെ കെട്ടിടം പില്ലർ വാർത്ത് ടെറസ് ആക്കുന്നതിന് ലോകബാങ്ക് സഹായം വിനിയോഗിക്കാവുന്നതാണെന്നും മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിക്കാൻ പാടില്ലാ എന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 നീലംപേരൂർ ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്തിന്റെ നിർദ്ദിഷ്ട പദ്ധതികൾ നടപ്പാക്കുമ്പോൾ ചതുപ്പു നികത്തൽ സംബന്ധിച്ച് 02.02.2012–ലെ 2501/ഡി.എ2/12/തസ്വഭവ ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കണമെന്നും, സൈക്കിൾ വിതരണം സംബന്ധിച്ച് മാർഗരേഖയിലെ നിബന്ധനകൾ പാലിക്കണമെന്നും നിർദ്ദേശം നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റിന്റെ 12.12.2012–ലെ കത്ത്**

ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്ന റോഡുകളുടെ വീതിയെ സംബന്ധിച്ചിടത്തോളം പി.എം.ജി.എസ്.വൈ മാനദണ്ഡങ്ങൾ ബാധകമാക്കാമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 കുലശേഖരപുരം ഗ്രാമപഞ്ചായത്ത്**

മെയിന്റനൻസ് ഫണ്ടിൽ (നോൺ റോഡ് വിഭാഗം) നിന്നും പൊതു ആവശ്യ ഗ്രാന്റിലേയ്ക്ക് മാറ്റി, പശ്ചാത്തല മേഖലയിൽ റോഡ് മെയിന്റനൻസിൽ ഉൾപ്പെടുത്തി, മൂന്നു ലക്ഷത്തി ഇരുപതിനായിരം രൂപ ചെലവഴിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകണമെന്ന ആവശ്യം അംഗീകരിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 അഴുത ബ്ലോക്ക് പഞ്ചായത്ത്**

അഴുത ബ്ലോക്ക് പഞ്ചായത്തു പ്രദേശത്തെ റോഡുകളുടെ പുനരുദ്ധാരണവും കുടിവെള്ള കിണറുകൾ കുഴിക്കുന്നതുമായ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട പ്രദേശത്തെ തോട്ടം ഉടമകളുടെ സമ്മതപത്രം ഉണ്ടെങ്കിൽ നടപ്പാക്കാവുന്നതാണ് എന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്**

ക്ഷീര സംഘങ്ങൾക്ക് പാൽ സംഭരിക്കുന്നതിനുള്ള വാഹനം വാങ്ങുന്നതിന് സബ്സിഡി നൽകണമെന്ന ആവശ്യം ചർച്ച ചെയ്തു. നിലവിലുള്ള സബ്സിഡി മാനദണ്ഡങ്ങളിൽ ഇപ്പോൾ മാറ്റം വരുത്തേണ്ടതില്ല എന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം വൈകുന്നേരം 7.00–ന് അവസാനിച്ചു)